**പതിമൂന്നാം കേരള നിയമസഭ**

# യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി

# (2011-2014)

## മൂന്നാമത് റിപ്പോർട്ട്

(2014 ഫെബ്രുവരി 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2011-2014)

## മൂന്നാമത് റിപ്പോർട്ട്

(35-ാം ദേശീയ ഗെയിംസിന്റെ മുന്നൊരുക്കങ്ങൾ സംബന്ധിച്ച്)

(2014 ഫെബ്രുവരി 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

397/2014.

## ഉള്ളടക്കം


| | | *പേജ്* |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 12 |

## സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. ജോസഫ് വാഴക്കൻ, എം.എൽ.എ.

അംഗങ്ങൾ :

ശ്രീ. അൻവർ സാദത്ത്

ശ്രീ. വി. റ്റി. ബൽറാം

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. ആർ. രാജേഷ്

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. ബി. സത്യൻ

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. കെ. എം. ഷാജി.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എം. നാരായണൻ പോറ്റി, അഡീഷണൽ സെക്രട്ടറി

ശ്രീ. ആർ. കിഷോർ കുമാർ, ഡെപ്യൂട്ടി സെക്രട്ടറി.

# ആമുഖം

കേരള നിയമസഭയുടെ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2011-14)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മുപ്പത്തിയഞ്ചാമത് ദേശീയ ഗെയിംസിന് ആതിഥ്യമരുളാൻ കേരളം തയ്യാറെടുക്കുകയാണ്. 1987-ൽ ദേശീയ ഗെയിംസ് നടന്നത് കേരളത്തിലാണ്. ഒട്ടേറെ മികച്ച കായികതാരങ്ങളെ രാജ്യത്തിന് സംഭാവനചെയ്ത നമ്മുടെ സംസ്ഥാനത്തിന് കായിക രംഗത്ത് ഇനിയും ഉയരങ്ങൾ കീഴടക്കാനുണ്ട്. സംസ്ഥാനത്ത് സ്പോർട്സിനും ഗെയിംസിനും അനുയോജ്യമായ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ദേശീയ ഗെയിംസ് നടത്തുന്നതിലൂടെ സാധിക്കും. ദേശീയ ഗെയിംസിന്റെ മുന്നൊരുക്കങ്ങൾ സമിതി പഠനവിധേയമാക്കുന്നതിന്റെ ഭാഗമായി 16-5-2013, 5-6-2013, 11-9-2013, 25-9-2013, 1-10-2013 എന്നീ തീയതികളിൽ സമിതി യോഗം ചേരുകയും കായിക യുവജനകാര്യ വകുപ്പ്, നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ്, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ എന്നിവയിലെ വിവിധ ഉദ്യോഗസ്ഥർ, വിവിധ സ്പോർട്സ് അസോസിയേഷനുകളുടെ പ്രതിനിധികൾ എന്നിവരിൽനിന്ന് തെളിവെടുപ്പ് നടത്തുകയും, ദേശീയ ഗെയിംസ് നടക്കുന്ന സംസ്ഥാനത്തെ വിവിധ വേദികൾ സന്ദർശിക്കുകയും ചെയ്തു. സമിതി നടത്തിയ പഠനം, തെളിവെടുപ്പ്, സന്ദർശനം എന്നിവയുടെ അടിസ്ഥാനത്തിൽ രൂപംകൊണ്ട നിർദ്ദേശങ്ങളും ശുപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2014 ഫെബ്രുവരി 3-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ജോസഫ് വാഴക്കൻ,
*അദ്ധ്യക്ഷൻ,*
*യുവജനക്ഷേമവും യുവജനകാര്യവും*
*സംബന്ധിച്ച സമിതി.*

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
2014 ഫെബ്രുവരി 5.

## റിപ്പോർട്ട്

ഭാരതത്തിലെ ഏറ്റവും പ്രധാന കായികമത്സരമാണ് ദേശീയ ഗെയിംസ്. 35-ാമത് ദേശീയ ഗെയിംസാണ് കേരളത്തിൽവച്ച് സംഘടിപ്പിക്കുന്നത്. ഇത് രണ്ടാം തവണയാണ് നമ്മുടെ സംസ്ഥാനം ദേശീയ ഗെയിംസിന് വേദിയാകുന്നത്. 1987-ൽ ആണ് ആദ്യമായി ദേശീയ ഗെയിംസിന് കേരളം ആതിഥ്യം വഹിച്ചത്. ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനാണ് ദേശീയ ഗെയിംസിന്റെ നടത്തിപ്പ് സംബന്ധിച്ച കാര്യങ്ങൾ തീരുമാനിക്കുന്നത്.

2. 2010 മേയ് 1 മുതൽ 14 വരെയുള്ള തീയതികളിൽ ദേശീയ ഗെയിംസ് കേരളത്തിൽ നടത്തുവാൻ തീരുമാനിച്ചിരുന്നുവെങ്കിലും ഝാർഖണ്ഡിലെ റാഞ്ചിയിൽ സംഘടിപ്പിച്ച 34-ാമത് ദേശീയ ഗെയിംസ് നീണ്ടുപോവുകയും 2011 ഫെബ്രുവരിയിൽ മാത്രം നടക്കുകയും ചെയ്തതിനാൽ കേരളത്തിൽ നിശ്ചയിക്കപ്പെട്ട സമയത്ത് ദേശീയ ഗെയിംസ് നടത്തുവാൻ കഴിഞ്ഞില്ല. 2014 ഡിസംബറിൽ ദേശീയ ഗെയിംസ് നടക്കുമെന്നാണ് സമിതി മനസ്സിലാക്കുന്നത്.

3. 35-ാമത് ദേശീയ ഗെയിംസിന്റെ ഭൗതിക സാഹചര്യ വികസനം, നടത്തിപ്പ്, നിരീക്ഷണം, ഏകോപനം എന്നിവയ്ക്കായി 2008-ൽ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് രൂപീകരിക്കുകയും 1-12-2008-ൽ സ്വയംഭരണ സ്ഥാപനമായി രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുതുടങ്ങുകയും ചെയ്തു. ദേശീയ ഗെയിംസിന്റെ നടത്തിപ്പിനായി സംസ്ഥാനതലത്തിൽ നാഷണൽ ഗെയിംസ് ഓർഗനൈസിംഗ് കമ്മിറ്റി രൂപീകരിക്കുകയുമുണ്ടായി.

4. 35-ാമത് ദേശീയ ഗെയിംസ് കേരളത്തിലെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ മൂന്നു ജില്ലകളിലായി നടത്തുന്നതിനുള്ള ഹോസ്റ്റ് സിറ്റി കോൺട്രാക്ട് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനുമായി കേരള സർക്കാർ 7-11-2008-ൽ ഒപ്പുവെച്ചു. കേരളത്തിന്റെ ഭൂമിശാസ്ത്രപരവും, ജനസംഖ്യാനുപാതികവുമായ പ്രത്യേകതകൾ കണക്കിലെടുത്ത് കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകൾ കൂടി ആദ്യ മൂന്ന് ജില്ലകളുടെ അനുബന്ധ സിറ്റികളായി ഉൾപ്പെടുത്തി ദേശീയ ഗെയിംസ് സംഘടിപ്പിക്കുന്നതിന് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ അനുമതി നൽകി. 36 മെഡൽ ഇനങ്ങളും, കളരിപ്പയറ്റ്, വള്ളംകളി എന്നീ രണ്ട് പ്രദർശന ഇനങ്ങളുമാണ് ഇത്തവണത്തെ ദേശീയ ഗെയിംസിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

5. ദേശീയ ഗെയിംസിന്റെ മുന്നൊരുക്കങ്ങൾ സംബന്ധിച്ച് സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും (സ്പോർട്സ് കൗൺസിൽ ഉൾപ്പെടെ) വിവിധ കായിക സംഘടനാ ഭാരവാഹികളിൽനിന്നും തെളിവെടുക്കുകയും സംസ്ഥാനത്തെ പ്രധാന ദേശീയ ഗെയിംസ് വേദികൾ സന്ദർശിക്കുകയും ചെയ്തു. അതിന്റെയടിസ്ഥാനത്തിൽ

രൂപംകൊണ്ട നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും ശുപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്. അവ ചുവടെ ചേർക്കുന്നു:

6. 2014-ലെ ദേശീയ ഗെയിംസിൽ അത്‌ലറ്റുകൾ, പരിശീലകർ, സംഘാടകർ തുടങ്ങി ഏകദേശം 11000 ആളുകളും വോളന്റിയർമാരും പങ്കെടുക്കുമെന്ന് കരുതപ്പെടുന്നു. ഇവരിൽ ഭൂരിഭാഗത്തിനും തിരുവനന്തപുരത്താണ് താമസസൗകര്യം ഏർപ്പെടുത്തുന്നത്. ഇതിനായി കഴക്കൂട്ടത്തിനടുത്തുള്ള മേനംകുളത്ത് സിഡ്കോയുടെ ഉടമസ്ഥതയിലുള്ള മുപ്പതേക്കർ സ്ഥലം പാട്ടത്തിനെടുത്ത് അവിടെ 40 കോടി രൂപ ചെലവിലാണ് ഗെയിംസ് വില്ലേജ് ഒരുക്കുന്നത്. ഇവിടെ 5000 പേർക്ക് താമസിക്കുന്നതിനായി ഏകദേശം 850 ചതുരശ്ര അടി വിസ്തീർണ്ണമുള്ള 370 കെട്ടിടങ്ങൾ നിർമ്മിക്കുന്നുണ്ട്. പോളിയൂറിത്തീൻ ഫോം (PUF) എന്ന വസ്തു ഉപയോഗിച്ചാണ് ഈ കെട്ടിടങ്ങൾ നിർമ്മിക്കുന്നത്. മൂന്ന് ബാത്ത് അറ്റാച്ച്ഡ് ബെഡ്റൂമുകളും റിസപ്ഷൻ ഹാളായി ഉപയോഗിക്കുവാൻ കഴിയുന്ന ഒരു ഡബിൾ റൂമും ഒരു ചെറിയ ഹാളും ചേർന്ന ഇത്തരം യൂണിറ്റുകൾ ഉപയോഗം കഴിഞ്ഞാലും ഇളക്കിമാറ്റി മറ്റൊരിടത്ത് സ്ഥാപിക്കാൻ സാധിക്കും എന്നതാണ് ഇതിന്റെ പ്രത്യേകത. ഗെയിംസിന്റെ ആവശ്യം കഴിഞ്ഞാൽ ലൈബ്രറികൾ, സ്പോർട്സ് ആന്റ് ആർട്സ് ക്ലബ്ബുകൾ, അംഗൻവാടികൾ, സ്കൂളുകൾ എന്നിവയ്ക്ക് ഇത് ഉപയോഗിക്കാൻ സാധിക്കും. സർക്കാർ സ്കൂളുകളിലെ കളിസ്ഥലങ്ങളോടു ചേർന്ന് കുട്ടികൾക്ക് വിശ്രമിക്കുന്നതിനും വസ്ത്രം മാറുന്നതിനും ടോയ്‌ലറ്റിനും കായിക ഉപകരണങ്ങൾ സൂക്ഷിക്കാനുമൊക്കെ ഉതകുന്നവിധത്തിൽ സ്കൂളുകൾക്കും ശേഷിക്കുന്നവ അംഗൻവാടികൾക്കുമായി ഇവ പുനഃസ്ഥാപിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

7. ഗെയിംസ് വില്ലേജിൽ താമസിക്കുന്ന വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള കായികതാരങ്ങൾക്ക് വേണ്ടത്ര സംരക്ഷണം നൽകേണ്ടത് അത്യാവശ്യമാണ്. കൂടാതെ വില്ലേജിലെ കെട്ടിടനിർമ്മാണത്തിനാവശ്യമായ കോടിക്കണക്കിനു രൂപ വിലവരുന്ന സാധനസാമഗ്രികളുടെ സംരക്ഷണവും ഉറപ്പുവരുത്തേണ്ടതുണ്ട്. നിലവിൽ തുറസ്സായിക്കിടക്കുന്ന ഈ സ്ഥലത്ത് ചുറ്റുമതിൽ നിർമ്മിക്കുകയും ആവശ്യത്തിന് കാവൽക്കാരെ നിയമിച്ച് മതിയായ സംരക്ഷണം ഉറപ്പുവരുത്തുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

8. ഗെയിംസ് വില്ലേജിലെ ടോയ്‌ലറ്റ് മാലിന്യം നിർമ്മാർജനം ചെയ്യുന്നതിന് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. ഓരോ യൂണിറ്റിലെയും മാലിന്യം പൈപ്പിലൂടെ ട്രീറ്റ്മെന്റ് പ്ലാന്റിൽ എത്തിച്ച് റീസൈക്കിൾ ചെയ്യാവുന്നതാണ്. റീസൈക്കിൾ ചെയ്തെടുക്കുന്ന വെള്ളം ഗെയിംസ് വില്ലേജിലെ പൂന്തോട്ടവും, പുൽത്തകിടിയും നനയ്ക്കാൻ ഉപയോഗിക്കാവുന്നതാണ്. ഇതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

9. ദേശീയ ഗെയിംസിൽ പങ്കെടുക്കുന്ന ഏതാണ്ട് അഞ്ഞൂറോളം പേർക്ക് തൃശൂരിൽ താമസസൗകര്യം ഏർപ്പെടുത്തേണ്ടിവരും. തൃശൂർ രാമവർമ്മപുരം പോലീസ് അക്കാഡമിയിലെ 9 മീറ്റർ നീളവും 7 മീറ്റർ വീതിയുമുള്ള കോട്ടേജുകളെ ഏത് രീതിയിൽ വേണമെങ്കിലും മാറ്റംവരുത്തി താമസത്തിനായി ഉപയോഗപ്പെടുത്താമെന്ന് സമിതി വിലയിരുത്തി. അതിനാൽ പോലീസ് അക്കാഡമിയിലെ മുറികളും കോട്ടേജുകളും

എയർ കണ്ടീഷൻ ചെയ്ത് ആധുനികവത്കരിച്ച് താമസസജ്ജമാക്കണമെന്നും ബാക്കിയുള്ളവർക്ക് നിലവാരമുള്ള വിവിധ ഹോട്ടലുകളിൽ താമസസൗകര്യം ഏർപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

10. കാര്യവട്ടത്തെ ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലാണ് ദേശീയ ഗെയിംസിന്റെ ഉദ്ഘാടന സമാപന ചടങ്ങുകൾ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നത്. ഡി.ബി.ഒ.റ്റി. (ഡിസൈൻ-ബിൽഡ്-ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ) അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന രാജ്യത്തെ ആദ്യ സ്റ്റേഡിയമാണിത്. കേരള സർവ്വകലാശാലയുടെ 34 ഏക്കർ ഭൂമി 15 വർഷത്തെ പാട്ടത്തിന് എടുത്ത് അതിലാണ് സ്റ്റേഡിയം നിർമ്മിക്കുന്നത്. കാര്യവട്ടം സ്പോർട്സ് ഫെസിലിറ്റി ലിമിറ്റഡ് (KSFL) എന്ന കമ്പനിക്കാണ് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഈ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിന്റെയും നടത്തിപ്പിന്റെയും ചുമതല. രണ്ടു നിലകളുള്ള ഈ സ്റ്റേഡിയത്തിന്റെ പണി പൂർത്തിയാകുമ്പോൾ 50000 പേർക്ക് ഇരിക്കുവാൻ സൗകര്യമുള്ള ഗാലറി, ക്രിക്കറ്റിനും ഫുട്ബോളിനും വേണ്ടിയുള്ള രണ്ടു ഗ്രൗണ്ടുകൾ, ടേബിൾ ടെന്നീസ്, ബാസ്കറ്റ് ബോൾ, ബാഡ്മിന്റൺ എന്നീ ഇൻഡോർ ഇനങ്ങൾ നടത്തുന്നതിനുള്ള സൗകര്യം, സ്വിമ്മിംഗ് പൂൾ, സ്പാ ഫെസിലിറ്റി, വി.ഐ.പി. ഗാലറി, പ്രസ്സ് ഗാലറി, റെസ്റ്റോറന്റ്, തേർഡ് അമ്പയറുടെ മുറി, കോർപ്പറേറ്റ് ബ്ലോക്ക്, 400 പേർക്ക് താമസിക്കാവുന്ന ഡോർമിറ്ററി, 5000 പേർക്ക് പങ്കെടുക്കാവുന്ന കൺവെൻഷൻ സെന്റർ, 2000 വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം എന്നിവ ഉണ്ടാകുമെന്ന് സമിതി മനസ്സിലാക്കി. നിശ്ചിത സമയത്തിനുള്ളിൽ കുറ്റമറ്റ രീതിയിൽ സ്റ്റേഡിയത്തിന്റെ പണി പൂർത്തീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

11. ദേശീയ ഗെയിംസിന്റെ ഭാഗമായി 39 ഇനങ്ങളിലാണ് മത്സരങ്ങൾ നടത്താനുദ്ദേശിക്കുന്നതെന്നും ഇവയിൽ ആർച്ചറി, റോയിംഗ്, കനോയിംഗ്, ബോട്ട് റെയ്സ്, ഫെൻസിംഗ്, കരാട്ടെ, ട്രയാത്തലൺ, യാട്ടിംഗ്, ബീച്ച് ഹാൻഡ് ബോൾ, ബീച്ച് വോളീബോൾ എന്നീ 10 ഇനങ്ങൾക്ക് താല്കാലിക വേദി തയ്യാറാക്കേണ്ട ആവശ്യമേ ഉള്ളൂ എന്നും സമിതി മനസ്സിലാക്കി (വേദികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു). അക്വാട്ടിക്സ് മത്സരങ്ങൾ നടക്കുന്ന പിരപ്പൻകോട് നീന്തൽക്കുളത്തിന്റെ നവീകരണം, എം.എൽ.എ. ഹോസ്റ്റലിനടുത്ത് പുതുതായി നിർമ്മിക്കുന്ന സ്ക്വാഷ് കോർട്ട്, കുമാരപുരം മെഡിക്കൽ കോളേജ് ഹൈസ്ക്കൂൾ കോമ്പൗണ്ടിലെ ടെന്നീസ് കോർട്ടിന്റെ നിർമ്മാണം എന്നിവ സമയബന്ധിതമായി പൂർത്തിയാക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ടേബിൾ ടെന്നീസ്, ബാഡ്മിന്റൺ മത്സരങ്ങളുടെ വേദിയായ എറണാകുളം രാജീവ്ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിന്റെ എയർകണ്ടീഷൻ ജോലികൾ, ഫുട്ബോൾ മത്സരവേദിയായ കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിലെ ഗാലറിയുടെ പുനർനിർമ്മാണം എന്നിവയുടെ പണികൾ ദ്രുതഗതിയിലാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

12. വട്ടിയൂർക്കാവ് പോളിടെക്നിക് ഗ്രൗണ്ടിൽ നിർമ്മിക്കുന്ന ഷൂട്ടിംഗ് വേദിയുടെ നിർമ്മാണം നിശ്ചിതസമയത്തിനുള്ളിൽ പൂർത്തീകരിക്കുവാൻ സാധിക്കുമോ എന്ന് സമിതി ആശങ്കപ്പെടുന്നു. ഷൂട്ടിംഗിൽ ഇന്ത്യ ലോകോത്തരനിലവാരം പുലർത്തുന്നതിനാൽ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തണമെന്നും ഷൂട്ടിംഗ് വേദിയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് സവിശേഷമായ പ്രാധാന്യം നല്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

13. ട്രാപ്പ് ആന്റ് സ്കീറ്റ് എന്ന ഷൂട്ടിംഗ് ഇനത്തിന് 220 യാർഡ് നീളവും 180 യാർഡ് വീതിയുമുള്ളതും സമീപസ്ഥലങ്ങളിൽ ആൾത്താമസം പാടില്ലാത്തതുമായ ഒരു സ്ഥലമാണ് ആവശ്യമുള്ളതെന്നതിനാൽ പട്ടാളത്തിന്റെ മൂക്കുന്നിമല ഫയറിംഗ് റേഞ്ചിലാണ് ഇതിനുള്ള സ്ഥലം കണ്ടെത്തിയിരിക്കുന്നതെന്നും ഇതിനായി പ്രാദേശിക പട്ടാള അധികാരിയുടെ അനുമതി ലഭിച്ചിട്ടുണ്ടെങ്കിലും കേന്ദ്ര പ്രതിരോധ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ ജോലി ആരംഭിക്കുവാൻ സാധിച്ചിട്ടില്ലെന്നും സമിതി മനസ്സിലാക്കി. അതിനാൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ഇടപെട്ട് കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ അനുമതി വാങ്ങുന്നതിനും മത്സരവേദി തയ്യാറാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

14. വനിതാ ഫുട്ബോൾ മത്സരവേദിയായ തൃശൂർ കോർപ്പറേഷൻ സ്റ്റേഡിയത്തിലെ സിന്തറ്റിക് ട്രാക്ക് കുറച്ചുകൂടി മധ്യത്തിലേക്ക് നീക്കണമെന്നും ഗ്രൗണ്ടിൽ നിന്നും പുറത്തേക്കുള്ള വഴി ടാർ ചെയ്യണമെന്നും സമിതി ശുപാർശ ചെയ്യുന്നു. ദേശീയ ഗെയിംസിന്റെ വേദിയല്ലെങ്കിലും ഇതോടനുബന്ധിച്ച് തൃശൂർ മുനിസിപ്പൽ സ്റ്റേഡിയത്തിലെ നീന്തൽക്കുളം നവീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

15. ദേശീയ ഗെയിംസിന്റെ തീയതി നിശ്ചയിക്കാത്തതാണ് സ്റ്റേഡിയങ്ങളുടെ പണി വൈകുന്നതിന്റെയും കായികതാരങ്ങളുടെ പരിശീലനം യഥാസമയം തുടങ്ങുവാൻ സാധിക്കാത്തതിന്റെയും ഒരു കാരണം. രണ്ടു ദേശീയ ഗെയിംസുകൾ തമ്മിലുള്ള ഇടവേള രണ്ടു വർഷമെന്നാണ് നിശ്ചയിച്ചിട്ടുള്ളതെങ്കിലും കൃത്യമായ ഒരു ഇടവേളയിലല്ല ദേശീയ ഗെയിംസ് ഇപ്പോൾ നടക്കുന്നത്. ഗെയിംസിന്റെ തീയതി നിശ്ചയിക്കേണ്ടത് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനാണ്. എന്നാൽ IOA-യെ IOC (ഇന്റർനാഷണൽ ഒളിമ്പിക് കമ്മിറ്റി) സസ്പെന്റ് ചെയ്തിരിക്കുന്നതിനാൽ അവർക്ക് എക്സിക്യൂട്ടീവ് കൗൺസിൽ കൂടി തീയതി പ്രഖ്യാപിക്കുവാൻ സാധിക്കുന്നില്ല. തീയതി നിശ്ചയിക്കാത്തതു കാരണം പല തയ്യാറെടുപ്പുകളും നടത്തുവാനും സാധിക്കുന്നില്ല. ഉദാഹരണമായി, ഉദ്ഘാടനച്ചടങ്ങിൽ പ്രസിദ്ധരായ കലാകാരന്മാരെയും മറ്റു രാജ്യങ്ങളിൽനിന്നുള്ള പ്രശസ്തരായ കായികതാരങ്ങളെയും പങ്കെടുപ്പിക്കണമെങ്കിൽ 6 മാസം മുൻപെങ്കിലും അവരെ ബുക്ക് ചെയ്യേണ്ടതുണ്ട്. കായികതാരങ്ങളെ മുൻകൂട്ടി മത്സരത്തിന്റെ സമയം അറിയിക്കണം. നാലഞ്ച് മാസം മുൻപേയെങ്കിലും പരസ്യപ്പെടുത്തിയേ ഗെയിംസ് നടത്താൻ സാധിക്കുകയുള്ളൂ. 1987-ൽ ഇതുപോലെ തീയതി നിശ്ചയിക്കാനാകാത്ത സാഹചര്യം ഉണ്ടായപ്പോൾ കേരള സർക്കാരാണ് തീയതി തീരുമാനിച്ചത്. IOA യുടെ സസ്പെൻഷൻ പിൻവലിക്കുന്നതുവരെ കാത്തിരിക്കാതെ കേരള സർക്കാർ തന്നെ ഗെയിംസ് തീയതി പ്രഖ്യാപിക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

16. അടിസ്ഥാനസൗകര്യ വികസനങ്ങളെപ്പോലെതന്നെ പ്രധാനപ്പെട്ടതാണ് മേളയിൽ ആതിഥേയർ നേടുന്ന മെഡലുകളുടെ എണ്ണം. ദേശീയ ഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കണമെങ്കിൽ താരങ്ങൾക്ക് അതിനു തക്കതായ പരിശീലനം നൽകണം. സ്വന്തം നാട്ടിൽവച്ച് നടക്കുന്ന ദേശീയ ഗെയിംസിൽ ശ്രദ്ധേയമായ വിജയം നേടണമെങ്കിൽ വ്യക്തമായ ആസൂത്രണത്തോടെ അതിനായി ഒരുങ്ങണം.

ഇതിനായി കേരളത്തിന് മെഡൽസാധ്യതയുള്ള ഇനങ്ങളുടെ ഒരു ലിസ്റ്റ് തയ്യാറാക്കി അവയിൽ ഉന്നത പരിശീലനം നേടുന്നതിനു വേണ്ട മാർഗ്ഗങ്ങൾ സംബന്ധിച്ച് ഒരു ധാരണയുണ്ടാക്കണം. ബഡ്ജറ്റിൽ ആറ് കോടി രൂപയാണ് ദേശീയ ഗെയിംസിനങ്ങളുടെ പരിശീലനത്തിനായി മാറ്റിവച്ചിരിക്കുന്നത്. ഈ തുക തീർത്തും അപര്യാപ്തമാണെന്ന് സമിതി കരുതുന്നു. ബഡ്ജറ്റിൽ ഇതിനായി വകയിരുത്തിയ തുക വിനിയോഗിക്കുന്നതിനുള്ള നടപടി കേരള സ്പോർട്സ് കൗൺസിലും കൂടുതൽ തുക പരിശീലനത്തിനായി മാറ്റിവയ്ക്കുന്നതിന് നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റും അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

17. ദേശീയ ഗെയിംസിനായി 122 കോടി രൂപ നൽകാമെന്ന് കേന്ദ്ര സർക്കാർ വാഗ്ദാനം ചെയ്തതായും അതിൽ 55 കോടി രൂപ നൽകിയതായും സമിതി മനസ്സിലാക്കി. ബാക്കി തുക എത്രയുംവേഗം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

18. കായികതാരങ്ങളുടെ പരിശീലനത്തിന് ഉപകരണങ്ങൾ അത്യാവശ്യമാണ്. ഇതിനായി പല ഉപകരണങ്ങളും രാജ്യത്തിനു പുറത്തുനിന്ന് വരുത്തേണ്ടതായുണ്ട്. കേരള ടീമിന്റെ പരിശീലന ഉത്തരവാദിത്വം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനാണ്. കായികതാരങ്ങളുടെ പരിശീലനത്തിനാവശ്യമായ ഉപകരണങ്ങൾ പുറത്തുനിന്ന് വരുത്തുക എന്നത് സ്പോർട്സ് കൗൺസിലിനെ സംബന്ധിച്ച് ബുദ്ധിമുട്ടുള്ള കാര്യമാണ്. ആയതിനാൽ ദേശീയ ഗെയിംസിന് വേണ്ട സാധനങ്ങൾ വാങ്ങുമ്പോൾ പരിശീലനത്തിന് ആവശ്യമായ സാധനങ്ങൾകൂടി നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് വാങ്ങി സ്പോർട്സ് കൗൺസിലിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഇതിനായി സ്വീകരിക്കുന്ന പർച്ചേയ്സ് സമ്പ്രദായം സുതാര്യമായിരിക്കണമെന്നും ആക്ഷേപങ്ങൾക്കിടവരുത്താതെ പർച്ചേയ്സ് നടപടി പൂർത്തീകരിക്കണമെന്നും വാങ്ങുന്ന ഉപകരണങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

19. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും മറ്റുമായി മലയാളി കായികതാരങ്ങൾ ജോലിചെയ്യുന്നുണ്ട്. മലയാളിതാരങ്ങൾ ഗെയിംസിൽ നമ്മുടെ സംസ്ഥാനത്തെ പ്രതിനിധീകരിക്കുകയാണെങ്കിൽ അവർക്ക് അർഹമായ പാരിതോഷികം നൽകണം. പാരിതോഷികങ്ങൾ എത്രയുംവേഗം പ്രഖ്യാപിച്ചാൽ മാത്രമേ അവർ മുന്നോട്ടു വരികയുള്ളൂ. മറ്റു സംസ്ഥാനങ്ങളുമായി കരാറിലേർപ്പെട്ടുപോയാൽ അവർ കേരളത്തിനുവേണ്ടി കളിക്കാൻ മുന്നോട്ടുവരില്ല. മലയാളി കായികതാരങ്ങൾ കേരളത്തിനുവേണ്ടിത്തന്നെ കളിക്കണമെന്ന് നിയമമില്ലെങ്കിലും സാമ്പത്തികനേട്ടം മാത്രം ലക്ഷ്യമാക്കാതെ സ്വന്തം നാടിനുവേണ്ടി കളിക്കുന്നതിനുള്ള ഒരു വൈകാരിക ബന്ധം അവർ കാത്തുസൂക്ഷിക്കേണ്ടതുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു.

കേരളത്തിന്റെ അഭിമാനം ഉയർത്തിപ്പിടിക്കുവാൻ പ്രധാനപ്പെട്ട മലയാളിതാരങ്ങൾ ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിക്കണമെന്നും അവർക്കാവശ്യമായ എല്ലാ സൗകര്യങ്ങളും പാരിതോഷികവും നല്കാമെന്നും കാണിച്ച് ബഹു. മുഖ്യമന്ത്രി തലത്തിൽ കത്തുനല്കണമെന്ന് സമിതി നിർദ്ദേശിക്കുകയുണ്ടായി. ദേശീയ ഗെയിംസിന്റെ തീയതി, കളിക്കാർക്കുള്ള പാരിതോഷികം എന്നിവയിൽ അന്തിമ തീരുമാനമായതിനുശേഷം സംസ്ഥാനടീമിനെ പ്രതിനിധീകരിക്കണമെന്നാവശ്യപ്പെട്ട് പ്രമുഖരായ മലയാളിതാരങ്ങൾക്ക് കത്തയയ്ക്കുന്നതാണെന്ന് കായിക യുവജനകാര്യ വകുപ്പ് സമിതിയെ അറിയിക്കുകയുണ്ടായി. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

20. കഴിഞ്ഞ ദേശീയ ഗെയിംസിൽ സ്വർണ്ണം, വെള്ളി, വെങ്കല മെഡൽ ജേതാക്കൾക്ക് യഥാക്രമം 3, 2, 1 ലക്ഷം രൂപ വീതമാണ് കേരളം പാരിതോഷികം പ്രഖ്യാപിച്ചിരുന്നത്. ദേശീയ ഗെയിംസിൽ വിജയികളാകുന്നവർക്ക് 5, 3, 2 ലക്ഷം രൂപ എന്നീ കണക്കിൽ തമിഴ്നാട് സർക്കാർ ഇതിനകംതന്നെ പാരിതോഷികങ്ങൾ പ്രഖ്യാപിച്ചിട്ടുള്ളതായി അറിയുന്നു. 35-ാം ദേശീയ ഗെയിംസിലെ മെഡൽ ജേതാക്കൾക്ക് 5 ലക്ഷം, 3 ലക്ഷം, 2 ലക്ഷം രൂപ എന്ന ക്രമത്തിൽ പാരിതോഷികം പ്രഖ്യാപിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21. ദേശീയ ഗെയിംസിൽ ടീമുകളെ തയ്യാറാക്കുന്ന കോച്ചുമാർക്കും മാനേജർമാർക്കും പിന്നീട് അവർ അർഹിക്കുന്ന അംഗീകാരം നല്കാറില്ലെന്ന പരാതി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു. അവർക്കുകൂടി പാരിതോഷികം നൽകുന്നത് ഉചിതമായിരിക്കുമെന്ന് സമിതി കരുതുന്നു. ദേശീയ ഗെയിംസിൽ സ്വർണ്ണം/വെള്ളി/വെങ്കലം എന്നിവ നേടുന്ന ടീമുകളുടെ (റിലേ ഉൾപ്പെടെ) കോച്ചുമാർക്ക് യഥാക്രമം 1 ലക്ഷം/75,000/50,000 രൂപയും മാനേജർമാർക്ക് 50,000/25,000/10,000 രൂപ എന്ന ക്രമത്തിലും പാരിതോഷികം നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

22. ദേശീയ ഗെയിംസിൽ ടെന്നീസിന്റെ പരിശീലനത്തിനായി യോഗ്യതയുള്ള കോച്ചുമാരെ നിയോഗിക്കുന്നതിനും ടേബിൾ ടെന്നീസിന് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ലെന്ന പരാതി ഒഴിവാക്കുന്നതിനും വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

23. ദേശീയ ഗെയിംസിൽ ഖോ-ഖോ-യുടെ പരിശീലനത്തിനായി രണ്ടു കോച്ചുമാരെ നൽകുന്നതിനും പരിശീലനത്തിനായി രണ്ടു ഗ്രൗണ്ടിനുള്ള മാറ്റ് നേരത്തേതന്നെ ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

24. സൈക്ലിംഗ് കേരളത്തിന് വളരെയധികം മെഡൽ സാധ്യതയുള്ള ഇനമായതിനാൽ അതിന് മുൻഗണനനൽകി സൈക്കിളുകൾ വാങ്ങിനൽകുന്നതുൾപ്പെടെ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. തായ്ക്വോണ്ടോ പരിശീലനത്തിനായി ഇലക്ട്രോണിക് സ്കോറിംഗ് സിസ്റ്റം ലഭ്യമാക്കണമെന്നും ജൂഡോയിൽ പരിശീലകരുടെ അഭാവം നികത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

25. കഴിഞ്ഞ ദേശീയ ഗെയിംസിൽ റോവിങ്ങിന് 14 മെഡലുകൾ ലഭിച്ചിട്ടുണ്ടെന്നും റോവിങ് ഇനത്തിൽ പരിശീലനത്തിനാവശ്യമായ ഒരു സെറ്റ് ഇന്ത്യൻ ബോട്ട് വാങ്ങുന്നതിന് 25 ലക്ഷം രൂപയാകുമെന്നും ഇറക്കുമതി ചെയ്യുന്ന ബോട്ടുകൾക്ക് 1 കോടിയിലധികം രൂപ വിലവരുമെന്നും സമിതി മനസ്സിലാക്കി. ബോട്ടുകൾ ഇറക്കുന്നതിനുള്ള പ്ലാറ്റ്ഫോമുകൾ ഇല്ല എന്നുള്ളത് വലിയ പ്രതിസന്ധി സൃഷ്ടിക്കുന്നുവെന്നും റോവിങ് പരിശീലനത്തിന് അത്യാവശ്യമായതും എവിടെവേണമെങ്കിലും കൊണ്ടുപോയി ഉപയോഗിക്കാവുന്ന തരത്തിലുള്ളതുമായ ഇത്തരം പ്ലാറ്റ്ഫോമുകൾ അടിയന്തരമായി വാങ്ങി നൽകണമെന്നും ഇക്കാര്യം സ്പോർട്സ് കൗൺസിൽ ഗൗരവമായി പരിഗണിക്കേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു.

26. ബി.എസ്.എഫ്., സി.ആർ.പി.എഫ്. എന്നിവയിൽ ജോലിചെയ്യുന്ന മലയാളിതാരങ്ങൾ ജൂഡോയിൽ കേരളത്തെ പ്രതിനിധീകരിക്കുന്നതിനും പരിശീലനത്തിനായി ജപ്പാൻ കോച്ചിന്റെ സേവനം ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

27. 21 മെഡലുകളുള്ള റെസ്‌ലിംഗിൽ കേരളം മൂന്ന് മെഡലുകൾ മാത്രം പ്രതീക്ഷിക്കുന്നതായി മനസ്സിലാക്കിയ സമിതി, കേരളതാരങ്ങൾ ആധിപത്യം പുലർത്താത്ത ഇനങ്ങളിൽ അന്യസംസ്ഥാനതാരങ്ങളെ കേരളത്തിനുവേണ്ടി പങ്കെടുപ്പിക്കണമെന്നും അങ്ങനെ ചെയ്യുമ്പോൾ കേരളതാരങ്ങളുടെ അവസരം നഷ്ടമാകരുതെന്നും ശുപാർശ ചെയ്യുന്നു. കൂടാതെ അക്വാട്ടിക്സിൽ സർവ്വീസസ്സ്, റെയിൽവെ എന്നിവിടങ്ങളിൽ നിന്നുള്ള മലയാളി താരങ്ങളെയും കാനോയിംഗ് & കയാക്കിംഗിൽ കേരളത്തിനുവേണ്ടി അന്യ സംസ്ഥാന താരങ്ങളെയും പങ്കെടുപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

28. അത്‌ലറ്റിക്സ് തന്നെയാണ് നമ്മുടെ ഏറ്റവും വലിയ കരുത്ത്. ഏറ്റവും കൂടുതൽ മെഡൽ നേട്ടം ഉണ്ടാക്കാവുന്നതും അത്‌ലറ്റിക്സിലാണ്. അതിനാൽ അത്‌ലറ്റിക്സിൽ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്നും ഇപ്പോൾ സ്വർണ്ണ മെഡലിന്റെ അടിസ്ഥാനത്തിലല്ല, പോയിന്റിന്റെ അടിസ്ഥാനത്തിലാണ് ചാമ്പ്യൻഷിപ്പ് ലഭിക്കുന്നതെന്നതിനാലും 6-ാം സ്ഥാനം വരെയുള്ളവർക്ക് പോയിന്റ് ലഭിക്കുമെന്നതിനാലും ആതിഥേയ സംസ്ഥാനമായതിനാൽ എല്ലായിനങ്ങളിലും പരമാവധി താരങ്ങളെ പങ്കെടുപ്പിക്കുവാൻ സാധിക്കുമെന്ന സാഹചര്യം പ്രയോജനപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

29. രാജ്യാന്തര മത്സരങ്ങളിൽ ജേതാക്കളാകുന്ന കായികതാരങ്ങൾ നാട്ടിൽ തിരിച്ചെത്തുമ്പോൾ അവർ അർഹിക്കുന്നതരത്തിൽ അവർക്കു സ്വീകരണം നൽകണമെന്ന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനോട് സമിതി നിർദ്ദേശിക്കുന്നു.

30. നാഷണൽ ഗെയിംസിന് മുന്നോടിയായി മുഴുവൻ താരങ്ങളെയും ഉൾപ്പെടുത്തി ക്യാമ്പ് സംഘടിപ്പിക്കണം. അത്തരം ക്യാമ്പിലൂടെയാണ് ഒരു ടീം രൂപപ്പെടുന്നത്. അത്‌ലറ്റിക്സിൽ നമുക്ക് മികവ് അവകാശപ്പെടാമെങ്കിലും റിലേ ഉൾപ്പെടെയുള്ള കായിക ഇനങ്ങളിൽ ടീം വർക്കിന് വളരെ പ്രാധാന്യമുണ്ട്. അതിനാൽ നാഷണൽ ഗെയിംസിന് മുന്നോടിയായി മുഴുവൻ താരങ്ങളെയും ഉൾപ്പെടുത്തി ക്യാമ്പ് സംഘടിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

31. ദേശീയ ഗെയിംസിന് മുന്നോടിയായി എല്ലാ ഇനങ്ങളുടെയും ക്യാമ്പുകൾ കേരളത്തിൽത്തന്നെ സംഘടിപ്പിക്കണം. നിലവിൽ ഓരോ ഇനത്തിലെയും ദേശീയ താരങ്ങൾ ഇന്ത്യയുടെ ഓരോ ഭാഗത്താണ് പരിശീലനം നടത്തുന്നത്. കേരളം എന്ന ബോധം കളിക്കാരിൽ ഉണ്ടാക്കിയെടുക്കണമെങ്കിൽ പരിശീലന ക്യാമ്പുകൾ കേരളത്തിൽത്തന്നെ നടത്തണം. ആയതിനാൽ എല്ലാ താരങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശീലന ക്യാമ്പുകൾ കേരളത്തിൽത്തന്നെ നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

32. ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് കോച്ചിംഗ് ക്യാമ്പ് നടക്കുമ്പോൾ ഡെയ്‌ലി ഡി.എ.-യായി 200 രൂപ കൊടുക്കുന്നത് പര്യാപ്തമല്ല. നാഷണൽ ഗെയിംസിൽ ഡി.എ. 400 രൂപ, അക്കോമൊഡേഷന് 100 രൂപ എന്നിങ്ങനെ ഡെയ്‌ലി ഡി.എ.-യായി 500 രൂപ നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

33. കായിക മേളകളോടനുബന്ധിച്ച് ഉത്തേജക മരുന്നുപയോഗം സംബന്ധിച്ച വിവാദങ്ങൾ ഉയരാറുണ്ട്. ഇത്തരം ആരോപണങ്ങളിൽനിന്നും കായികരംഗത്തെ വിമുക്തമാക്കേണ്ടത് ഗെയിംസ് നടത്തിപ്പിന്റെ സുതാര്യതയ്ക്ക് അത്യാവശ്യമാണ്. ആയതിനാൽ ദേശീയ ഗെയിംസിൽ ഡോപ്പിംഗ് ടെസ്റ്റ് കാര്യക്ഷമമായി നടത്തേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

34. ദേശീയ ഗെയിംസിന്റെ ലോഗോയും, ഭാഗ്യചിഹ്നവും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സ്റ്റാമ്പ് തപാൽ വകുപ്പിനെക്കൊണ്ട് പുറത്തിറക്കിക്കുന്നതും കായിക താരങ്ങളുടെയും ദേശീയ ഗെയിംസിന്റെയും ചിത്രങ്ങളടങ്ങിയ നെയിംസ്ലിപ്പുകൾ സ്കൂളുകളിൽ നൽകുന്നതും ഗെയിംസിന്റെ പ്രചാരണത്തിനുപകരിക്കും. ഇവയ്ക്കുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

35. അന്തർദ്ദേശീയവും ദേശീയവുമായ കായികമത്സരങ്ങൾക്ക് കൂടുതൽ ജനശ്രദ്ധ കിട്ടാനായി മനോഹരമായ ഗാനവും നൃത്തവുമുള്ള പരസ്യങ്ങൾ ഇലക്ട്രോണിക് മാധ്യമങ്ങളിൽ നല്കാറുണ്ട്. ദക്ഷിണാഫ്രിക്കയിൽ നടന്ന ലോകകപ്പ് ഫുട്ബോൾ മത്സരത്തിന്റെ തീം സോംങ് ലോകമെമ്പാടും ശ്രദ്ധേയമായി. ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് മലയാളത്തിന് പ്രാധാന്യം നൽകി ഒരു ഗാനം അപ്രകാരം തയ്യാറാക്കുന്നത് നന്നായിരിക്കുമെന്ന് സമിതി കരുതുന്നു. അതുപോലെ ഉദ്ഘാടന/സമാപന ചടങ്ങുകളിലും രാജ്യത്തെ സംഗീതാദി കലകളിൽ പ്രശസ്തരായവരുടെ കലാസൃഷ്ടികൾ അണിനിരത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

36. ഗെയിംസിലെ ജേതാക്കൾക്ക് നല്കുന്ന മെഡലുകൾ മികച്ചരീതിയിൽ രൂപകല്പന ചെയ്യേണ്ടത് അത്യാവശ്യമാണ്. ആയതിനാൽ ദേശീയ അടിസ്ഥാനത്തിൽ ഡിസൈനുകൾ ക്ഷണിച്ച് നാഷണൽ ഗെയിംസിന്റെ മെഡലുകൾ രൂപകൽപ്പന ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

37. ദേശീയ ഗെയിംസിന് സ്പോൺസർമാരെ കണ്ടെത്താനുള്ള നടപടികൾ ആരംഭിക്കണം. സർക്കാർ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ഇൻഷുറൻസ് കമ്പനികളിൽ നിന്നും സ്പോൺസർമാരെ കണ്ടെത്താൻ ശ്രമിക്കണം. ദേശസാൽക്കൃത ബാങ്കുകൾ, എൽ.ഐ.സി. പോലുള്ള സ്ഥാപനങ്ങൾ എന്നിവയാണ് പൊതുമേഖലയിൽ ലക്ഷ്യംവയ്ക്കാവുന്ന സ്പോൺസർമാർ. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലെ 29 സ്റ്റേഡിയങ്ങളിലും ഗെയിംസ് വില്ലേജിലും ഉൾപ്പെടെ 30 കേന്ദ്രങ്ങളിലാണ് ഗെയിംസ് നടക്കുന്നത്. ഗെയിംസിന്റെ ഉദ്ഘാടന സമാപന ചടങ്ങുകൾ നടക്കുന്ന കാര്യവട്ടത്തെ പ്രധാന സ്റ്റേഡിയം, അത്‌ലറ്റിക്സ് മത്സരങ്ങൾ നടക്കുന്ന യൂണിവേഴ്സിറ്റി സ്റ്റേഡിയം എന്നിവയ്ക്ക് കൂടുതൽ സ്പോൺസർമാരെ കിട്ടാൻ സാധ്യതയുണ്ട്. അതിനാൽ ഗെയിംസിനുള്ള സ്പോൺസർമാരെ കണ്ടുപിടിക്കാനുള്ള നടപടികൾ എത്രയുംവേഗം ആരംഭിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

38. തിരുവനന്തപുരം മുതൽ കണ്ണൂർ വരെയുള്ള വിവിധ ജില്ലകളിൽ മത്സരങ്ങൾ നടക്കുന്നതിനാൽ താരങ്ങൾ, സംഘാടകർ, കാണികൾ എന്നിവർക്ക് വിവിധ വേദികളിലെത്തുവാൻ ബസ്/ട്രെയിൻ/വിമാന സർവ്വീസുകൾ കൂടുതലായി ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

39. ഏതൊരു കായികമേളയോടനുബന്ധിച്ചും താമസസൗകര്യം, ഭക്ഷണം എന്നിവയെപ്പറ്റി വളരെയധികം പരാതികൾ ഉയരാറുണ്ട്. അതിനാൽ ഇവയ്ക്കായി രൂപീകരിച്ചിട്ടുള്ള സബ്കമ്മിറ്റികൾ ചിട്ടയായി പരിപാടികൾ ആവിഷ്കരിക്കണമെന്നും ഇത്തരം പരാതികൾ പരിപൂർണ്ണമായും ഒഴിവാക്കുവാൻ ശ്രദ്ധിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

40. 35-ാമത് ദേശീയ ഗെയിംസ് ഗ്രീൻ ഗെയിംസായി സംഘടിപ്പിക്കേണ്ടതാണ്. വിവിധ വേദികളിലും ഗെയിംസ് വില്ലേജിലും ഉണ്ടാകുന്ന മാലിന്യങ്ങൾ പരിസ്ഥിതി സൗഹാർദ്ദപരമായ രീതിയിൽ സംസ്കരിക്കണം. പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കുക, പരിസ്ഥിതി സൗഹാർദ്ദപരമായ രീതിയിൽ ഗെയിംസിനുവേണ്ട പരസ്യങ്ങൾ നൽകുക, വേദികൾക്ക് ചുറ്റിലും വൃക്ഷങ്ങളും അലങ്കാര ചെടികളും മറ്റും വെച്ചുപിടിപ്പിക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

41. നാഷണൽ ഗെയിംസ് ഓർഗനൈസിംഗ് കമ്മിറ്റിയുടെ കീഴിൽ വിവിധ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായുള്ള 20 സബ്കമ്മിറ്റികളും പ്രാദേശിക തലങ്ങളിലെ മത്സരങ്ങളുടെ നടത്തിപ്പിനായി 7 പ്രാദേശിക കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ഇവ കൃത്യമായി യോഗം ചേരണമെന്നും പ്രവർത്തനപുരോഗതി വിലയിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

42. ദേശീയ ഗെയിംസിന്റെ വരവ് ചെലവ് കണക്കുകൾ ആഡിറ്റ് നടത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

43. കേരളത്തിലെ കായികരംഗം കാര്യക്ഷമമാക്കുന്നതിന് സ്പോർട്സ് കൗൺസിലിനുള്ള സർക്കാർ ധനസഹായം വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

44. ദേശീയ ഗെയിംസിനായി പണികഴിപ്പിച്ചതും നവീകരിച്ചതുമായ കളിസ്ഥലങ്ങൾ തുടർന്നും നമ്മുടെ കായികരംഗത്ത് ഒരു മുതൽക്കൂട്ടാകേണ്ടതുണ്ട്. ഗെയിംസിനുള്ള ഒരുക്കങ്ങളുടെ ഭാഗമായി 16 സ്റ്റേഡിയങ്ങൾ നവീകരിക്കുകയും 8 പുതിയ സ്റ്റേഡിയങ്ങൾ നിർമ്മിക്കുകയും 7 താല്കാലിക വേദികൾ തയ്യാറാക്കുകയും ചെയ്യുന്നുണ്ട്. കോടിക്കണക്കിന് രൂപ മുടക്കിയാണ് സ്റ്റേഡിയങ്ങൾ നവീകരിക്കുകയോ നിർമ്മിക്കുകയോ ചെയ്യുന്നത്. ദേശീയ ഗെയിംസിന്റെ ആവശ്യത്തിനുശേഷം ദേശീയ-അന്തർദ്ദേശീയ തലത്തിലുള്ള കായികമേളകളും മത്സരങ്ങളും ഭാവിയിലും നമ്മുടെ സംസ്ഥാനത്ത് അരങ്ങേറേണ്ടതുണ്ട്. വിവിധ ദേശീയ കായികമത്സരങ്ങൾ നടത്തുന്നതിനും, കായികതാരങ്ങൾക്ക് പരിശീലനത്തിനും ഈ സ്റ്റേഡിയങ്ങൾ ഉപയോഗിക്കാവുന്നതാണ്. 1987-ൽ ദേശീയ ഗെയിംസിനായി നിർമ്മിച്ച പല സ്റ്റേഡിയങ്ങളും, സ്വിമ്മിംഗ് പൂളും വേണ്ടരീതിയിൽ പരിരക്ഷിക്കാൻ സംവിധാനമില്ലാതെപോയി. യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ കോടികൾമുടക്കി സ്ഥാപിച്ച സിന്തറ്റിക് ട്രാക്ക് നശിച്ചുപോയി. നീന്തൽക്കുളം ലക്ഷങ്ങൾമുടക്കി ഇപ്പോൾ നവീകരിക്കുന്നുണ്ട്. ആയതിനാൽ 35-ാമത് ദേശീയ ഗെയിംസിനായി നിർമ്മിക്കുന്ന സ്റ്റേഡിയങ്ങൾ സ്ഥിരമായി പ്രസ്തുത ഗെയിംസുകൾക്കായി ഉപയോഗിക്കണമെന്നും അവയുടെ സംരക്ഷണത്തിനായി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളോടെ ഒരു കർമ്മപദ്ധതി ആവിഷ്കരിച്ച് അവയുടെ അറ്റകുറ്റപ്പണികൾക്കായി ഒരു നിശ്ചിത തുക എല്ലാവർഷവും ബജറ്റിൽ വകയിരുത്തണമെന്നും അവയിൽനിന്നു ലഭിക്കുന്ന വരുമാനം ഇവയുടെ അറ്റകുറ്റപ്പണികൾക്കായി വിനിയോഗിക്കണമെന്നും ഇതിനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കണമെന്നും ഇത് മോണിറ്റർ ചെയ്യുന്നതിന് കായിക വകുപ്പിൽ ഒരു സ്ഥിരം സംവിധാനമുണ്ടാകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

45. ഒളിമ്പിക്സ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ് എന്നിവയിൽ മെഡലുകൾ നേടുന്നതിനുള്ള ഒരു ചവിട്ടുപടിയാകണം കേരളത്തിൽ നടക്കുവാൻ പോകുന്ന ദേശീയ ഗെയിംസ്. നാഷണൽ ഗെയിംസിലൂടെ ലഭ്യമാകുന്ന അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ച് അന്താരാഷ്ട്ര മത്സരങ്ങൾ ലക്ഷ്യം വെച്ചുകൊണ്ടുള്ള പരിശീലനം തുടങ്ങണം. ഗെയിംസിന്റെ പേരിൽ കായികതാരങ്ങൾക്ക് വാഗ്ദാനങ്ങൾ മാത്രം നൽകാതെ അവ പാലിക്കപ്പെടുന്നുവെന്ന് സർക്കാർ ഉറപ്പുവരുത്തണം. കേരളത്തിന്റെ കായികഭാവിക്ക് ഇത് അനിവാര്യമാണ്. ഗെയിംസിനായി മികച്ച പരിശീലകരേയും സാങ്കേതിക വിദഗ്ദ്ധരെയും കണ്ടെത്തി കേരളത്തിലേക്ക് കൊണ്ടുവരണം. ഗെയിംസിൽ കേരളം ചാമ്പ്യൻഷിപ്പ് നേടുന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. ടീം തെരഞ്ഞെടുപ്പു മുതൽ പരിശീലനം വരെ അവസാന മണിക്കൂറിലേക്ക് വെയ്ക്കുന്ന സ്ഥിരം ശൈലി ഒഴിവാക്കുകയും ലഭ്യമായ കേന്ദ്രങ്ങളിൽ എത്രയുംവേഗം കഠിനപരിശീലനം ആരംഭിക്കുകയും ചെയ്യണം.

46. കേരളത്തിലെ കായികരംഗത്തിന്റെ പുരോഗതിക്കുള്ള അവസരമായാണ് ദേശീയ ഗെയിംസിനെ ജനങ്ങൾ നോക്കിക്കാണുന്നത്. സ്പോർട്സ് അസോസിയേഷനുകൾ പലതും വെറും കടലാസു സംഘടനകളാണെന്ന ആരോപണമുണ്ട്. കായികതാരങ്ങളുടെ ചിട്ടയായ പരിശീലനത്തിനും അതിലൂടെ കേരളത്തിന് നല്ല പ്രകടനം കാഴ്ച വയ്ക്കുന്നതിനുമുള്ള ചുമതല സ്പോർട്സ് അസോസിയേഷനുകളും, മത്സരത്തിൽ പങ്കെടുക്കുന്ന ടീമുകളുടെ തയ്യാറെടുപ്പും പ്രാതിനിധ്യവും ഉറപ്പുവരുത്തേണ്ട ചുമതല സ്പോർട്സ് കൗൺസിലും ഉത്തരവാദിത്വത്തോടെ നിറവേറ്റുന്നതോടൊപ്പം കായികരംഗത്തെ ഭാവിവാഗ്ദാനങ്ങളെ കണ്ടെത്തുകയും ചെയ്യണം.

47. ദേശീയ ഗെയിംസിന്റെ ഭാഗ്യചിഹ്നമായ 'അമ്മു' വേഴാമ്പലിനെ പരിചയപ്പെടുത്താനുള്ള വിവിധ നടപടികൾ, സ്കൂൾ ബുക്കുകളിൽ അതിന്റെ ചിത്രം പ്രസിദ്ധീകരിക്കൽ, ദേശീയ ഗെയിംസിനെക്കുറിച്ച് കൂടുതൽപേർക്ക് അറിവു നല്കാനായി കൂട്ടയോട്ടവും മറ്റും സംഘടിപ്പിക്കൽ തുടങ്ങി തികച്ചും അഭിനന്ദനാർഹമായ പ്രവർത്തനങ്ങളാണ് ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ്, സ്പോർട്സ് കൗൺസിൽ, കായിക വകുപ്പ് എന്നിവ നടത്തിവരുന്നത്.

48. ഏതാനും മാസങ്ങൾക്കപ്പുറമുള്ള ദേശീയ ഗെയിംസ് ഭംഗിയായി നടക്കണമെങ്കിൽ അടിസ്ഥാനസൗകര്യ വികസനത്തിലും കായികതാരങ്ങളുടെ പരിശീലനകാര്യത്തിലും യുദ്ധകാലാടിസ്ഥാനത്തിൽ ഉണർന്ന് പ്രവർത്തിക്കണം. ഇതുവരെയുള്ള പിഴവുകളെ പഴിച്ച് സമയംകളയാതെ അതെല്ലാം തിരുത്തി മുന്നേറണം. കായികരംഗത്ത് ഏതിനത്തിലും നേട്ടം കൈവരിക്കാനുള്ള മികവ് കേരളതാരങ്ങൾക്കുണ്ട്. കേവലം പരിശീലനമല്ല, ചിട്ടയായ പരിശീലനമാണ് ആവശ്യം. കഴിഞ്ഞ ദേശീയ ഗെയിംസിൽ കേരളം കരസ്ഥമാക്കിയ 6-ാം സ്ഥാനത്തു നിന്ന് ഒന്നാം സ്ഥാനത്തേക്കെത്തുവാൻ ഓരോ അസോസിയേഷനും കായിക താരങ്ങൾക്ക് തീവ്രപരിശീലനം നല്കണമെന്നും അസോസിയേഷനുകൾക്ക് ആവശ്യമായ സഹായങ്ങൾ കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ചെയ്തു കൊടുക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. കേരളത്തെ സംബന്ധിച്ച് ഒരു വഴിത്തിരിവായിരിക്കും ദേശീയ ഗെയിംസ് എന്നും വരുംവർഷങ്ങളിൽ അതിന്റെ പ്രതിഫലനം കാണാമെന്നും സമിതി പ്രത്യാശിക്കുന്നു.

**ജോസഫ് വാഴക്കൻ,**
*അദ്ധ്യക്ഷൻ,*
*യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി.*

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
2014 ഫെബ്രുവരി 5.

അനുബന്ധം

ദേശീയ ഗെയിംസിനായി തീരുമാനിച്ചിട്ടുള്ള പുതുക്കിയ വേദികൾ
(മത്സര/പ്രദർശന ഇനങ്ങൾ സഹിതം)

**ഉദ്ഘാടന-സമാപന ചടങ്ങ് .. ന്യൂ ഗ്രീൻഫീൽഡ് സ്റ്റേഡിയം, കാര്യവട്ടം, തിരുവനന്തപുരം**

| *നമ്പർ* | *മത്സര ഇനം* | *വേദി* |
|---|---|---|
| (1) | (2) | (3) |
| 1 | അത്‌ലറ്റിക്സ് | യൂണിവേഴ്സിറ്റി സ്റ്റേഡിയം |
| | ,, | ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം (വാം അപ് ഗ്രൗണ്ട്) |
| 2 | അക്വാട്ടിക്സ് (എ) (സ്വിമ്മിംഗ്), (ബി) (വാട്ടർപോളോ) | പിരപ്പൻകോട് സ്വിമ്മിംഗ് പൂൾ |
| 3 | സൈക്കിളിംഗ് | എൽ.എൻ.സി.പി.ഇ., കാര്യവട്ടം |
| 4 | ജിംനാസ്റ്റിക്സ് | ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം |
| 5 | ഹാൻഡ്ബോൾ | |
| 6 | ഖോ-ഖോ | ശ്രീപാദം സ്റ്റേഡിയം, ആറ്റിങ്ങൽ |
| 7 | കബഡി | |
| 8 | തായ്ക്വോണ്ടോ | അഗ്രികൾച്ചറൽ കോളേജ് ഇൻഡോർ സ്റ്റേഡിയം, വെള്ളായണി, തിരുവനന്തപുരം |
| 9 | നെറ്റ്ബോൾ | |
| 10 | ടെന്നീസ് | ടെന്നീസ് അക്കാദമി, കുമാരപുരം, തിരുവനന്തപുരം |
| 11 | സൈക്കിൾ പോളോ | ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം |
| 12 | സ്ക്വാഷ് | സ്ക്വാഷ് കോർട്ട്, ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം, തിരുവനന്തപുരം |
| 13 | വുഷു | ഐ.ആർ.സി., ശംഖുമുഖം, തിരുവനന്തപുരം |
| 14 | ട്രയാത്തലൻ | കോവളം ബൈപ്പാസ് |
| 15 | ബീച്ച് ഹാൻഡ്ബോൾ | ശംഖുമുഖം, തിരുവനന്തപുരം |

| (1) | (2) | (3) |
|---|---|---|
| 16 | ഷൂട്ടിംഗ് | ഷൂട്ടിങ് റേഞ്ച്, വട്ടിയൂർക്കാവ്, തിരുവനന്തപുരം<br>ട്രാപ്പ് & സ്കീറ്റ്, മുക്കുന്നിമല, തിരുവനന്തപുരം |
| 17 | ഹോക്കി—സ്ത്രീകൾ, പുരുഷൻമാർ | ഹോക്കി സ്റ്റേഡിയം, കൊല്ലം |
| 18 | റഗ്ബി സെവൻസ് | കോർപ്പറേഷൻ സ്റ്റേഡിയം, കൊല്ലം |
| 19 | കനോയിംഗ്, കയാകിംഗ് | പുന്നമടക്കായൽ, ആലപ്പുഴ |
| 20 | റോവിംഗ് | |
| 21 | ആർച്ചറി | ജവഹർലാൽ നെഹ്റു സ്റ്റേഡിയം, കൊച്ചി |
| 22 | ബാഡ്മിന്റൺ | രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം, കൊച്ചി |
| 23 | ടേബിൾ ടെന്നീസ് | |
| 24 | ഫെൻസിംഗ് | നെടുമ്പാശ്ശേരി കൺവെൻഷൻ ഹാൾ/ ആർ.എസ്സ്.സി. സെന്റർ, കൊച്ചി |
| 25 | കരാട്ടെ | |
| 26 | ലോൺ ബൗൾ | കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് |
| 27 | യാട്ടിംഗ് | മുനമ്പം, കൊച്ചി |
| 28 | ജൂഡോ | ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ |
| 29 | വെയ്റ്റ്ലിഫ്റ്റിംഗ് | |
| 30 | ബോക്സിംഗ്—സ്ത്രീകൾ, പുരുഷൻമാർ | തൃപ്രയാർ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ |
| 31 | ഫുട്ബോൾ—സ്ത്രീകൾ, പുരുഷൻമാർ | കോർപ്പറേഷൻ സ്റ്റേഡിയം, തൃശ്ശൂർ,<br>കോർപ്പറേഷൻ സ്റ്റേഡിയം & മെഡിക്കൽ കോളേജ്, കോഴിക്കോട് |

| (1) | (2) | (3) |
|---|---|---|
| 32 | വോളിബോൾ—സ്ത്രീകൾ, പുരുഷൻമാർ | വി.കെ.കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട് |
| 33 | സെപാക് താക്റെ | |
| 34 | ബീച്ച് വോളിബോൾ | കോഴിക്കോട് ബീച്ച് |
| 35 | ബാസ്കറ്റ് ബോൾ—സ്ത്രീ-പുരുഷ വിഭാഗങ്ങൾ | ഇൻഡോർ സ്റ്റേഡിയം, മുണ്ടയാട്, കണ്ണൂർ |
| 36 | റസ്‌ലിംഗ് | |

**പ്രദർശന ഇനങ്ങൾ**

| | | |
|---|---|---|
| 1 | വള്ളംകളി | പുന്നമടക്കായൽ, ആലപ്പുഴ |
| 2 | കളരിപ്പയറ്റ് | ന്യൂ ഗ്രീൻഫീൽഡ് സ്റ്റേഡിയം, കാര്യവട്ടം, തിരുവനന്തപുരം |